MONDAY 14-02-2022 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-14/02/2022

1. കാർഷിക സർവകലാശാലയുടെ പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ താൽകാലിക അടിസ്ഥാനത്തിൽ പ്രൊജക്ട് ഫെല്ലോയേയും പ്രൊജക്ട് അസിസ്റ്റന്റിനേയും നിയമിക്കുന്നു. പ്രൊജക്ട് ഫെല്ലോയ്ക്ക് എം. എസ്. സി സുവോളജിയും പ്രൊജക്ട് അസ്സിസ്റ്റന്റിന് അഗ്രിക്കൾച്ചറൽ ഡിപ്ലോമയുമാണ് അടിസ്ഥാന യോഗ്യത. അപേക്ഷ സമർപ്പിക്കേണ്ട വിലാസം **അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, റീജിയണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷൻ, കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി, മേലെ പട്ടാമ്പി, പാലക്കാട്- 679306.** അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 16 (16.02.2022) ആണ്. കൂടുതൽ വിവരങ്ങൾക്ക് www.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യസംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. കൂടാതെ വാട്ടുകപ്പ പോലെ പഴം പച്ചക്കറികൾ ഉണക്കി സൂക്ഷിക്കേണ്ട പ്രാഥമിക സംസ്കരണവും ചെയ്തു കൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0487-2370773, 8089173650** എന്നീ ഫോൺ നമ്പരുകളിലോ ccmanuuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

3. ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം 2021-2022 ൽ ഡിജിറ്റൽ വീഡിയോ മത്സരത്തിന് (ടി.വി.ചാനൽ വിഭാഗം) എൻട്രികൾ ക്ഷണിക്കുന്നു. പ്രൊഫഷണൽ വിഭാഗത്തിൽ കേരളത്തിലെ അംഗീകൃത ടി.വി.ചാനലുകളിൽ, 2020 - 2021 ൽ ജൈവകൃഷി എന്ന ആശയം ഉൾക്കൊണ്ട് സംപ്രേഷണം ചെയ്ത വീഡിയോയുടെ സംവിധായകരാണ് ഇതിനായി അപേക്ഷിക്കേണ്ടത്. സംപ്രേക്ഷണം ചെയ്ത ചാനലിന്റെ ലോഗോയും, വാട്ടർമാർക്കും, വീഡിയോയിൽ ഉണ്ടായിരിക്കണം, പ്രസ്തുത വീഡിയോ, സംപ്രേഷണം ചെയ്ത ദിവസവും ചാനലിൽ സംപ്രേഷണം ചെയ്തു എന്ന് ചാനൽ മേധാവിയുടെ സർട്ടിഫിക്കറ്റും ഹാജരാക്കണം. കേരളത്തിനുള്ളിലുള്ള ലൊക്കേഷൻ ആയിരിക്കണം. ഒന്നാം സമ്മാനം

25,000/- രൂപയും, രണ്ടാം സമ്മാനം 20,000/- രൂപയും, മൂന്നാം സമ്മാനം 15,000/- രൂപയുമാണ്. എൻട്രികൾ ലഭിക്കേണ്ട അവസാന തീയതി ഫെബ്രുവരി 18 ആണ്. എൻട്രികൾ അയയ്ക്കേണ്ട വിലാസം : **എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം - 695003** എന്ന വിലാസത്തിൽ ഹാർഡ് ഡിസ്ക്, പെൻഡ്രൈവ് വഴി നേരിട്ടോ അല്ലെങ്കിൽ fibshortfilmcontest@gmail.com എന്ന ഇ-മെയിലിലോ അയയ്ക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 – 2314358, 9383470289** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. ഭാവി തലമുറയിലേക്കു കാർഷിക വിദ്യാഭ്യാസം പകരുന്നതിനായി കാർഷിക സർവകലാശാല വിജ്ഞാന വ്യാപന ഡയറക്ടറേറ്റിന് കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിലൂടെ തൃശൂർ ജില്ലയിലെ വിവിധ സ്കൂളുകളിലെ കുട്ടികൾക്ക് പരിശീലനം നൽകുന്ന പരിപാടികൾക്കു തുടക്കമാവുകയാണ്. സ്കൂളുകൾ തുറക്കുന്ന മുറക്ക് കാർഷിക സർവകലാശാലയിലെ ശാസ്ത്രജ്ഞർ നേരിട്ട് പരിശീലന പരിപാടികൾ നടത്തുന്നതും, കുട്ടികളോടൊപ്പമിരുന്ന് കൃഷിയുടെ ബാലപാഠങ്ങൾ പകർന്നു കൊടുക്കുന്നതുമാണ് '**കാർഷിക സർവകലാശാല സ്കൂളുകളിലേക്ക്**' എന്ന ഈ പദ്ധതിയിൽ പങ്കാളികളാവാൻ താല്പര്യമുള്ള സ്കൂളുകൾ മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററുമായി നേരിട്ടോ, **0487-2370773** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **"കാർഷിക യന്ത്രങ്ങളുടെ ഉപയോഗവും അറ്റകുറ്റ പണികളും"** എന്ന വിഷയത്തിൽ ഫെബ്രുവരി 25 മുതൽ മാർച്ച് 8 വരെ പതിനഞ്ച് ഗുണഭോക്താക്കൾക്ക് ഒരു പ്രവൃത്തി പരിചയ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 18 നും 50 നും ഇടയ്ക്ക് പ്രായമുള്ള, താൽപര്യമുള്ള പരിശീലനാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. താൽപര്യമുള്ളവർ **9400483754** എന്ന നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ 10 മണി മുതൽ 5 മണി വരെ വിളിച്ച് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. റബ്ബറിനെ ബാധിക്കുന്ന രോഗങ്ങളുടെയും കീടങ്ങളുടെയും നിയന്ത്രണമാർഗ്ഗങ്ങളെക്കുറിച്ച് റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഓൺലൈൻ പരിശീലനം നൽകുന്നു. ഫെബ്രുവരി 22-ന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് പരിശീലനം. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

7. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് ഈ മാസം 15-ന് (ഫെബ്രുവരി 15) രാവിലെ 11 മണി മുതൽ **ആരോഗ്യത്തിനും ആദായത്തിനും സാന്ദ്രീകൃത ക്ഷീരോത്പന്നങ്ങളായ പേട, ബർഫി എന്നിവയെ കുറിച്ച് അറിയേണ്ടതെല്ലാം** എന്ന വിഷയത്തിൽ ഗൂഗിൾമീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർക്ക് 15-ന് (ഫെബ്രുവരി 15-ന്) രാവിലെ 10 മണിയ്ക്ക് മുമ്പ് **0476 2698550** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **9947775978** എന്ന വാട്ട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകിയോ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. xqw-jqat-weh എന്ന കോഡ് ഉപയോഗിച്ച് പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

## കാർഷിക നിർദ്ദേശങ്ങൾ

8. **മീലിമുട്ട** ബാധമൂലം ഫലവൃക്ഷങ്ങളും ചെടികളും ഉണങ്ങി നശിക്കാം. ഇവ ചെടികളുടെ വേരുഭാഗത്ത് പറ്റിയിരുന്ന് നീരൂറ്റികുടിക്കുന്നതുകൊണ്ടാണ് ചെടികൾ ഉണങ്ങുന്നത്. മീലിമുട്ടകളെ ഒരു ചെടിയിൽ നിന്നും മറ്റും ചെടികളിലേയ്ക്ക് കൊണ്ടു പോകുന്നത് ഉറുമ്പുകളാണ്. അതുകൊണ്ട് മീലിമുട്ടകളേയും ഉറുമ്പുകളേയും നിയന്ത്രിക്കേണ്ടതാണ്. ഇതിനായി ഒരു സെന്റിന് ഒരു കിലോ കുമ്മായം എന്ന തോതിൽ മണ്ണിൽ ചേർത്ത് നന്നായി ഇളക്കികൊടുക്കണം. വെർട്ടിസീലിയം എന്ന മിത്രകുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി വൃക്ഷങ്ങളുടെ ചുവട്ടിൽ ഒഴിച്ചു കൊടുക്കുകയും ചെടികളിൽ തളിച്ചു കൊടുക്കുകയും ചെയ്യുക.